## ട്രേഡ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച വ്യവസായ തർക്കമുന്നയിക്കാൻ സമ്മതപത്രം നിഷേധിച്ച രജിസ്ട്രാറുടെ നടപടി നിയമവിരുദ്ധം

### ബോംബെ ഹൈക്കോടതി

W.P. (STAMP) No. 93407/2020 Dt. 9.12.2020

രവീന്ദ്ര വാൽമീക് കൊങ്കാർ

x

രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ്

സെഞ്ചുറി റയോൺ എന്ന ഫാക്ടറിയിൽ അംഗീകൃത ട്രേഡ് യൂണിയൻ പ്രവർത്തിക്കുന്നുണ്ട്. ട്രേഡ് യൂണിയന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ കാലാവധി 31.3.2019 വരെയാണ്. അതിനു മുമ്പ് തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണ സമിതിക്ക് അധികാരം കൈമാറാൻ നിലവിലെ ഭരണ സമിതി ബാധ്യസ്ഥമാണ്. എന്നാൽ അവർ തെരഞ്ഞെടുപ്പ് നടത്താനുള്ള ഒരുക്കങ്ങൾ നടത്തിയില്ല. ഇതു സംബന്ധിച്ച ട്രേഡ് യൂണിയൻ അംഗങ്ങളായ ചില തൊഴിലാളികൾ ട്രേഡ് യൂണിയനുകളുടെ രജിസ്ട്രാർക്ക് പരാതി നല്കി. പുതിയ തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറാകാത്ത ഭരണ സമിതിക്കെതിരെ നടപടിയെടുക്കണമെന്നും തെരഞ്ഞെടുപ്പു നടത്താൻ അവർക്ക് നിർദ്ദേശം നല്കണമെന്നുമാണ് പരാതിയിൽ ആവശ്യപ്പെട്ടത്. തെരഞ്ഞെടുപ്പ് കഴിഞ്ഞെന്നും പുതിയ ഭാരവാഹികളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയ രജിസ്ട്രാർ തൊഴിലാളികളുടെ പരാതി തള്ളിക്കളഞ്ഞു. തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ് തങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നും ചട്ടപ്രകാരം തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലെന്നും ഭരണ സമിതി അംഗങ്ങളെ ചതിച്ചതാണെന്നും ആരോപിച്ച തൊഴിലാളികൾ നിലവിലെ ഭരണ സമിതി അനധികൃതമായാണ് തുടരുന്നതെന്ന് ചൂണ്ടിക്കാട്ടി രജിസ്ട്രാർക്ക് പരാതി നല്കി. കൂടാതെ ഇതു സംബന്ധിച്ച വ്യവസായ തർക്കമുന്നയിക്കാൻ സമ്മതപത്രം നല്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു. സമ്മതപത്രം നല്കുന്നതു സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് രജിസ്ട്രാർ ഹ്രസ്വ വിചാരണ നടത്തി. ഇരു വിഭാഗക്കാരുടെയും വാദങ്ങൾ കേട്ട രജിസ്ട്രാർ പുതിയ തെരഞ്ഞെടുപ്പ് യഥാവിധി നടത്തിയിട്ടുണ്ടെന്ന് വിലയിരുത്തുകയും തൊഴിലാളികൾ ആവശ്യപ്പെട്ട സമ്മതപത്രം നിഷേധിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നും കൈപൊക്കിക്കാണിച്ചാണ് അംഗങ്ങൾ വോട്ട് ചെയ്തതെന്നും അന്വേഷണത്തിൽ തെളിഞ്ഞെന്ന കാരണത്താലാണ് രജിസ്ട്രാർ മേൽപറഞ്ഞ തീരുമാനമെടുത്തത്. ഇതിനെതിരെ തൊഴിലാളികൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. രജിസ്ട്രാർ സമ്മതപത്രം നിഷേധിച്ചത് നിയമവിരുദ്ധ നടപടിയാണെന്ന് ഹർജിക്കാർ ആരോപിച്ചു. തെരഞ്ഞെടുപ്പ് യഥാവിധി നടന്നോ ഇല്ലയോ എന്ന് തീരുമാനിക്കാൻ രജിസ്ട്രാർക്ക് അധികാരമില്ലെന്നും വ്യവസായ തർക്കമുന്നയിക്കാനുള്ള സാഹചര്യം നിലവിലുണ്ടോ എന്ന കാര്യം മാത്രം പ്രാഥമിക അന്വേഷണത്തിലൂടെ കണ്ടെത്തി സമ്മതപത്രം നല്കുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതിനു പകരം തർക്ക വിഷയത്തിൽ തന്നെ തീരുമാനമെടുത്ത രജിസ്ട്രാറുടെ നടപടി അധികാര പരിധിക്കപ്പുറമുള്ള അധികാര പ്രയോഗമാണെന്ന് ഹർജിക്കാർ വാദിച്ചു. വ്യവസായ തർക്കത്തിൽ തീരുമാനം പ്രഖ്യാപിക്കുന്ന പ്രക്രിയ നീതിന്യായ ചുമതലയാണെന്നും അത് നിർവ്വഹിക്കേണ്ടത് ഇൻഡസ്ട്രിയൽ കോടതിയാണെന്നും നീതിന്യായ ചുമതല ട്രേഡ് യൂണിയൻ രജിസ്ട്രാർ ഏറ്റെടുത്തത് നിയമവിരുദ്ധമാണെന്നും ഹൈക്കോടതി വിലയിരുത്തി. പ്രാഥമിക അന്വേഷണം മാത്രം നടത്താനേ രജിസ്ട്രാർക്ക് അധികാരമുള്ളൂവെന്ന് വ്യക്തമാക്കിയ ഹൈക്കോടതി ട്രേഡ് യൂണിയൻ രജിസ്ട്രാറുടെ തീരുമാനം റദ്ദാക്കുകയും ഹർജിക്കാർ ആവശ്യപ്പെട്ട സമ്മതപത്രം മൂന്നാഴ്ചക്കുള്ളിൽ നല്കണമെന്ന് ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് നിർദ്ദേശം നല്കുകയും ചെയ്തു.